കറുത്ത തമ്പ്രാട്ടി

ഇ. ഹരികുമാർ



കറുത്ത തമ്പ്രാട്ടി

ഇ. ഹരികുമാർ
(മലയാളം: ചെറുകഥ)

© 2026, E. Harikumar

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Women in Black, a painting by Marianne von Werefkin (1860–1938). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

കറുത്ത തമ്പ്രാട്ടി

അമ്മയെ കൂട്ടിക്കൊണ്ടുവരാമെന്ന പറഞ്ഞ് അപ്പ ഇറങ്ങുമ്പോൾ സൂല്യ പൊട്ടിപ്പൊളിഞ്ഞ ഇരുത്തിമേൽ ഇരിക്കുകയായിരുന്നു. അപ്പയുടെ തല ഇട വഴിയിൽ, വേലിക്കപ്പുറത്ത് മറഞ്ഞപ്പോൾ അവൾ ഇരുത്തിമേൽ കിടന്നുകൊണ്ട് രാത്രി കണ്ട സ്വപ്നത്തെപ്പറ്റി ആലോചിച്ചു. അമ്മ വന്ന് അവളെ കെട്ടിപ്പിടിക്കുകയാണ്. ഇപ്പോൾ ഇടക്കിടക്ക് ഈ സ്വപ്നം കാണുന്നണ്ട്. അമ്മയുടെ മുഖം ഓർമ്മയിൽ വരുന്നില്ല. അമ്മയുടെ തലോടൽ മാത്രം, അമ്മയുടെ സാമീപ്യം മാത്രം അവളുടെ സ്വപ്നങ്ങളിൽ കടന്നുവന്ന് അവളെ സന്തോഷിപ്പിച്ചു. രാവിലെ എഴുന്നേറ്റാൽ അവൾ പറയും, 'അപ്പാ, ഞാങ്കണ്ട സ്വപ്നം.' എന്ത സ്വപ്നമാണെന്ന് താമി ചോദിക്കില്ല. അയാൾക്കറിയാം. ഇരുത്തിമേൽ കിടന്നുകൊണ്ട് അവൾ സ്വപ്നത്തിൽ മാത്രം വന്നുന്ന അമ്മയെ കാത്തിരിക്കാൻ തുടങ്ങി. ഇനി പകൽ മുഴുവൻ അവൾ ഒറ്റയ്ക്കായിരിക്കും. അപ്പ പണിക്കുപോയി തിരിച്ചെത്തുമ്പോൾ ഇരുട്ടിയിരിക്കും. കടിലിൽ ആ നാല്പവയസ്സുകാരി ഒറ്റക്കിരുന്നു, ഒറ്റക്ക കളിച്ചു. വിശക്കുമ്പോൾ കലത്തിൽനിന്ന് കഞ്ഞിയെടുത്ത് കടിച്ചു.

താമി മാളികയുടെ മുറ്റത്ത് പുറ്റിപ്പുറ്റി നിന്നു. അയാളുടെ തലയ്ക്കുമുകളിൽ മൊട്ട വെയിലാണ്. പറമ്പിലുള്ള മരങ്ങൾ അയാളെ മാടിവിളിച്ചു. അവിടെ തണലാണ്, തണപ്പാണ്. പക്ഷേ, അയാൾക്ക് അനങ്ങാൻ പറ്റിയില്ല. തമ്പ്രാൻ പുറത്തു വരാതിരിക്കില്ല. 'ഇനി നിക്കണ്ട താമി നീ പോയ്ക്കോ' എന്നാണ് തമ്പ്രാൻ പറഞ്ഞത്. അര മണിക്കൂർ നേരത്തെയാചന്നയ്ക്ക് ഫലമൊന്നുമുണ്ടായില്ല. അങ്ങിനെയങ്ങു പോവാൻ പറ്റണ കാര്യമാണോ?

ഏഴിക്കുമ്പോൾ പറഞ്ഞത്. 'പണം കൊണ്ടന്നാൽ എന്ത വേണങ്കിലും വന്ന കൊണ്ടുപൊയ്ക്കോ' എന്നാണ്. ഇന്ന് പണണ്ടാക്കിക്കൊണ്ടുവന്നിട്ടൊന്നല്യ. എവിടന്നുണ്ടാക്കാനാണ് രണ്ടായിരം രൂപ. പലിശ എത്രയായിട്ടുണ്ടാവും എന്നറിയില്ല. എന്നാലും ചോദിക്കുകയാണ്, ഒരാഴ്ചത്തേക്കെങ്കിലും കൊണ്ടുപൊയ്ക്കോട്ടെ എന്ന്. വയ്യ, ഇനിയും ഇങ്ങിനെയൊരു ജീവിതം വയ്യ.

ഇറന്ന കിടക്കുന്ന വടക്കേ വാതിലിനുള്ളിൽ പുറത്തുനിന്നു നോക്കുമ്പോൾ ഇരുട്ടാണ്. അതുകൊണ്ട് തമ്പ്രാട്ടി വാതിലിന പുറത്തു കടന്നിട്ടേ താമി കണ്ടുള്ളൂ.

'എന്താ താമി ഇങ്ങനെ നിക്കണതു?'

'ഒന്നംല്ല്യമ്പ്രാട്ടി.'

'നന്ദിനിപ്പശു പെറ്റന്നല്ലേ കഴിഞ്ഞ ആഴ്ച നീ പറഞ്ഞതു? എന്നാ അതിനെ കൊണ്ടരണതല്ല?'

'രണ്ടീസം കഴിയട്ടെ തമ്പ്രാട്ടി, അയിന് കൊടുക്കാൻ ഒരു മരുന്ന് പറഞ്ഞിട്ടുണ്ട് വേലായുധൻ വൈദ്യത്.'

'വേഗം കൊണ്ടരണം കെട്ടോ, ഇവിടെ പാലിന് ആവശ്യക്കാരത് കൂടിവരുവാണ്.'

'ശരിമ്പ്രാട്ടി.'

'അപ്പോ നീയെന്തിനാ കാത്ത് നിക്കണത്ന് പറഞ്ഞില്ലല്ലോ?'

താമി ഒന്നും പറയാതെ തല ചൊറിഞ്ഞുനിന്നു.

'എന്താച്ചാ പറഞ്ഞോ.'

'അടിയൻ ലച്മീടെ കാര്യം തമ്പ്രാനോട് പറഞ്ഞിര്ന്ന്.'

തമ്പ്രാട്ടിയുടെ മുഖഭാവം പെട്ടെന്ന മാറി. അവർ പെട്ടെന്ന് ഒന്നും പറയാതെ തിരിഞ്ഞ് അകത്തേയ്ക്കു പോയി. അകത്തെ ഇരുട്ടിൽ താമിയുടെ കണ്ണുകൾ ഒരു നിമിഷം പരതി നടന്നു. സാധാരണ ദിവസങ്ങളിൽ അപ്പക്കല ഭാഗത്തു വിളിച്ച് എന്തെങ്കിലും ഭക്ഷണം കഴിപ്പിച്ചേ വിടാറുള്ളു. ഒപ്പംതന്നെ വീട്ടിൽ കാത്തിരിക്കുന്ന മകൾക്ക് കൊടുക്കാൻ എന്തെങ്കിലും പലഹാരം പൊതിഞ്ഞ് തരികയും ചെയ്യും. ഇന്ന് അതൊന്നുമുണ്ടായില്ല. ഇനി തിരിച്ചുപോകാം, വീട്ടിലെത്തിയാൽ മകളുടെ ചോദ്യത്തിന് 'മോടെ അമ്മ ഞ്ഞിയൊരിസം വരാംന് പറഞ്ഞ്' എന്ന് മറുപടി കൊടുക്കാം. അയാൾ തിരിഞ്ഞു നടന്നു.

മുകളിലെ വരാന്തയിൽ നിന്ന് ഉറ്റുനോക്കിയിരുന്ന രണ്ടു കണ്ണുകൾ താമി പടികടന്ന് മരങ്ങൾക്കിടയിൽ മറഞ്ഞപ്പോൾ പിൻവലിഞ്ഞു. അവൾ ധൃതിയിൽ താഴേയ്ക്കു കോണിയിറങ്ങി. തമ്പ്രാൻ ഊണു കഴിഞ്ഞ് വരേണ്ട സമയമായിരിക്കുന്നു. ഇടനാഴികയിൽനിന്ന് നരച്ചിമുറുകൾ ഇങ്ങിക്കിടക്കുന്ന മച്ചിനകത്തേയ്ക്ക് ലക്ഷ്മി കടന്നു. രാവിലെ അടുക്കളമുറത്തെ പുളിമാവിൽ പടർത്തിയ വള്ളിയിൽ നിന്ന് പറിച്ചെടുത്ത തുളസിവറ്റലുടെ ഒപ്പം വാസനപുണ്ണാവും അടക്കയും പുളിയിട്ടു തേച്ച മിനുക്കിയ പിച്ചളത്താലത്തിൽ നിറച്ചു. ചുമരിലെ കരയാമ്പുവിന്റെ മണമുള്ള കൊച്ചലമാറിയിൽ ഒളിപ്പിച്ചുവച്ച പനിനീർ ദേഹത്തു തളിച്ച് അവൾ താലവുമെടുത്ത് മുകളിലേയ്ക്കു നടന്നു. തേക്കിന്റെ, വണ്ണമുള്ള ചതുരൻ അഴികളുള്ള വലിയ ജനലുകളിൽക്കൂടി പറമ്പിൽനിന്ന് മരച്ചില്ലകളെ തൊട്ടുതലോടിയ കാറ്റ് ഒഴുകിവന്നു. അവൾ കിടക്കയിലെ വിരിയെടുത്തു കടഞ്ഞ് പുളിവില്ലാതെ വിരിച്ചിട്ടു. തലയിണയെടുത്തു് പതംവരത്തി. ഇനി തമ്പ്രാൻ വരുന്നതുവരെ അവൾക്കൊന്നും ചെയ്യാനില്ല. ലക്ഷ്മി ജനലിന്നടുത്തു പോയി കാവിതേച്ച മിനുപ്പിച്ച നിലത്ത് ഇരുന്നു. പുറത്തു് മരങ്ങൾക്കപ്പുറം വയലാണ്. തന്റെ കെട്ടിയോൻ ഇപ്പോൾ വീട്ടിലെത്തിയിരിക്കുമെന്നവൾ ഊഹിച്ചു. നാല്പ വയസ്സുള്ള മകൾ അവളെപ്പറ്റി ചോദിക്കുന്നണ്ടാവും. അച്ഛൻ മറുപടി പറയുന്നുമുണ്ടാവും. അടുത്ത് തന്നെ അമ്മ വരുംട്ടോ മോളെ. സൂല്യമോള് എന്നായിരിക്കും മറുപടി പറഞ്ഞിട്ടുണ്ടാവുക?

കോണിമേൽ കനത്ത കാലടി പതിയുന്ന ശബ്ദം കേട്ടപ്പോൾ ലക്ഷ്മി എഴുന്നേറ്റു. കാലടി ശബ്ദം ഇടനാഴിയിൽക്കൂടി അടുത്തു വന്നു. ഇറന്നിട്ട വാതിലിലൂടെ തമ്പ്രാൻ അകത്തുകടന്നു വാതിലടച്ചു ഓടാമ്പലിട്ടു. ചുമലിലിട്ട വേഷ്ടി പുറത്തിട്ട് ഘടിപ്പിച്ച മരത്തിന്റെ അയലിൽ ഇളക്കിയിട്ട് തമ്പ്രാൻ നേരെ കളിമുറിയിലേയ്ക്ക് പോയി. ലക്ഷ്മി കട്ടിലിന്റെ ഒരറ്റത്തിരുന്ന് മുറ്റക്കാഴ്ചകളിലേയ്ക്കു കണ്ണിൽ കൊരുത്തിട്ടു. അങ്ങിനെയങ്ങു പോവാൻ പറ്റണ കാര്യമാണോ?

ഏഴിക്കുമ്പോൾ പറഞ്ഞത്. 'പണം കൊണ്ടന്നാൽ എന്ത വേണങ്കിലും വന്ന കൊണ്ടുപൊയ്ക്കോ' എന്നാണ്. ഇന്ന് പണണ്ടാക്കിക്കൊണ്ടുവന്നിട്ടൊന്നല്യ. എവിടന്നുണ്ടാക്കാനാണ് രണ്ടായിരം രൂപ. പലിശ എത്രയായിട്ടുണ്ടാവും എന്നറിയില്ല. എന്നാലും ചോദിക്കുകയാണ്, ഒരാഴ്ചത്തേക്കെങ്കിലും കൊണ്ടുപൊയ്ക്കോട്ടെ എന്ന്. വയ്യ, ഇനിയും ഇങ്ങിനെയൊരു ജീവിതം വയ്യ.

ഇറന്ന കിടക്കുന്ന വടക്കേ വാതിലിനുള്ളിൽ പുറത്തുനിന്നു നോക്കുമ്പോൾ ഇരുട്ടാണ്. അതുകൊണ്ട് തമ്പ്രാട്ടി വാതിലിന പുറത്തു കടന്നിട്ടേ താമി കണ്ടുള്ളൂ.

'എന്താ താമി ഇങ്ങനെ നിക്കണതു?'

'ഒന്നംല്ല്യമ്പ്രാട്ടി.'

'നന്ദിനിപ്പശു പെറ്റന്നല്ലേ കഴിഞ്ഞ ആഴ്ച നീ പറഞ്ഞതു? എന്നാ അതിനെ കൊണ്ടരണതല്ല?'

'രണ്ടീസം കഴിയട്ടെ തമ്പ്രാട്ടി, അയിന് കൊടുക്കാൻ ഒരു മരുന്ന് പറഞ്ഞിട്ടുണ്ട് വേലായുധൻ വൈദ്യത്.'

'വേഗം കൊണ്ടരണം കെട്ടോ, ഇവിടെ പാലിന് ആവശ്യക്കാരത് കൂടിവരുവാണ്.'

'ശരിമ്പ്രാട്ടി.'

'അപ്പോ നീയെന്തിനാ കാത്ത് നിക്കണത്ന് പറഞ്ഞില്ലല്ലോ?'

താമി ഒന്നും പറയാതെ തല ചൊറിഞ്ഞുനിന്നു.

'എന്താച്ചാ പറഞ്ഞോ.'

'അടിയൻ ലച്മീടെ കാര്യം തമ്പ്രാനോട് പറഞ്ഞിര്ന്ന്.'

തമ്പ്രാട്ടിയുടെ മുഖഭാവം പെട്ടെന്ന മാറി. അവർ പെട്ടെന്ന് ഒന്നും പറയാതെ തിരിഞ്ഞ് അകത്തേയ്ക്കു പോയി. അകത്തെ ഇരുട്ടിൽ താമിയുടെ കണ്ണുകൾ ഒരു നിമിഷം പരതി നടന്നു. സാധാരണ ദിവസങ്ങളിൽ അപ്പക്കല ഭാഗത്തു വിളിച്ച് എന്തെങ്കിലും ഭക്ഷണം കഴിപ്പിച്ചേ വിടാറുള്ളു. ഒപ്പംതന്നെ വീട്ടിൽ കാത്തിരിക്കുന്ന മകൾക്ക് കൊടുക്കാൻ എന്തെങ്കിലും പലഹാരം പൊതിഞ്ഞ് തരികയും ചെയ്യും. ഇന്ന് അതൊന്നുമുണ്ടായില്ല. ഇനി തിരിച്ചുപോകാം, വീട്ടിലെത്തിയാൽ മകളുടെ ചോദ്യത്തിന് 'മോടെ അമ്മ ഞ്ഞിയൊരിസം വരാംന് പറഞ്ഞ്' എന്ന് മറുപടി കൊടുക്കാം. അയാൾ തിരിഞ്ഞു നടന്നു.

മുകളിലെ വരാന്തയിൽ നിന്ന് ഉറ്റുനോക്കിയിരുന്ന രണ്ടു കണ്ണുകൾ താമി പടികടന്ന് മരങ്ങൾക്കിടയിൽ മറഞ്ഞപ്പോൾ പിൻവലിഞ്ഞു. അവൾ ധൃതിയിൽ താഴേയ്ക്കു കോണിയിറങ്ങി. തമ്പ്രാൻ ഊണു കഴിഞ്ഞ് വരേണ്ട സമയമായിരിക്കുന്നു. ഇടനാഴികയിൽനിന്ന് നരച്ചിമുറുകൾ ഇങ്ങിക്കിടക്കുന്ന മച്ചിനകത്തേയ്ക്ക് ലക്ഷ്മി കടന്നു. രാവിലെ അടുക്കളമുറത്തെ പുളിമാവിൽ പടർത്തിയ വള്ളിയിൽ നിന്ന് പറിച്ചെടുത്ത തുളസിവറ്റലുടെ ഒപ്പം വാസനപുണ്ണാവും അടക്കയും പുളിയിട്ടു തേച്ച മിനുക്കിയ പിച്ചളത്താലത്തിൽ നിറച്ചു. ചുമരിലെ കരയാമ്പുവിന്റെ മണമുള്ള കൊച്ചലമാറിയിൽ ഒളിപ്പിച്ചുവച്ച പനിനീർ ദേഹത്തു തളിച്ച് അവൾ താലവുമെടുത്ത് മുകളിലേയ്ക്കു നടന്നു. തേക്കിന്റെ, വണ്ണമുള്ള ചതുരൻ അഴികളുള്ള വലിയ ജനലുകളിൽക്കൂടി പറമ്പിൽനിന്ന് മരച്ചില്ലകളെ തൊട്ടുതലോടിയ കാറ്റ് ഒഴുകിവന്നു. അവൾ കിടക്കയിലെ വിരിയെടുത്തു കടഞ്ഞ് പുളിവില്ലാതെ വിരിച്ചിട്ടു. തലയിണയെടുത്തു് പതംവരത്തി. ഇനി തമ്പ്രാൻ വരുന്നതുവരെ അവൾക്കൊന്നും ചെയ്യാനില്ല. ലക്ഷ്മി ജനലിന്നടുത്തു പോയി കാവിതേച്ച മിനുപ്പിച്ച നിലത്ത് ഇരുന്നു. പുറത്തു് മരങ്ങൾക്കപ്പുറം വയലാണ്. തന്റെ കെട്ടിയോൻ ഇപ്പോൾ വീട്ടിലെത്തിയിരിക്കുമെന്നവൾ ഊഹിച്ചു. നാല്പ വയസ്സുള്ള മകൾ അവളെപ്പറ്റി ചോദിക്കുന്നണ്ടാവും. അച്ഛൻ മറുപടി പറയുന്നുമുണ്ടാവും. അടുത്ത് തന്നെ അമ്മ വരുംട്ടോ മോളെ. സൂല്യമോള് എന്നായിരിക്കും മറുപടി പറഞ്ഞിട്ടുണ്ടാവുക?

കോണിമേൽ കനത്ത കാലടി പതിയുന്ന ശബ്ദം കേട്ടപ്പോൾ ലക്ഷ്മി എഴുന്നേറ്റു. കാലടി ശബ്ദം ഇടനാഴിയിൽക്കൂടി അടുത്തു വന്നു. ഇറന്നിട്ട വാതിലിലൂടെ തമ്പ്രാൻ അകത്തുകടന്നു വാതിലടച്ചു ഓടാമ്പലിട്ടു. ചുമലിലിട്ട വേഷ്ടി പുറത്തിട്ട് ഘടിപ്പിച്ച മരത്തിന്റെ അയലിൽ ഇളക്കിയിട്ട് തമ്പ്രാൻ നേരെ കളിമുറിയിലേയ്ക്ക് പോയി. ലക്ഷ്മി കട്ടിലിന്റെ ഒരറ്റത്തിരുന്ന് മുറ്റക്കാഴ്ചകളിലേയ്ക്കു കണ്ണിൽ കൊരുത്തിട്ടു.

ഇ. ഹരികുമാർ



1943 ജൂലൈ 13-ന് പൊന്നാനിയിൽ ജനനം. അച്ഛൻ മഹാകവി ഇടശ്ശേരി ഗോവിന്ദൻ നായർ. അമ്മ ഇടക്കണ്ടി ജാനകി അമ്മ. കൽക്കത്തയിൽ വച്ച് ബി. എ. പാസ്സായി. 1972-ൽ ലളിതയെ വിവാഹം ചെയ്തു. മകൻ അജയ് വിവാഹിതനാണ് (ഭാര്യ: ശുഭ). കൽക്കത്ത, ദില്ലി, ബോംബെ എന്നീ നഗരങ്ങളിൽ ജോലിയെടുത്തു. 1983-ൽ കേരളത്തിലേയ്ക്ക് തിരിച്ചു വന്നു. 1962 തൊട്ട് ചെറുകഥകളെഴുതി തുടങ്ങി. ആദ്യത്തെ കഥാസമാഹാരം 'കൂറകൾ' 72-ൽ പ്രസിദ്ധപ്പെടുത്തി. പതിനഞ്ചു കഥാസമാഹാരങ്ങളും ഒമ്പത് നോവലുകളും ഒരു അനുഭവക്കുറിപ്പും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

പുരസ്കാരങ്ങൾ

- 1988-ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരം 'ദി നോസറിന്റെ കുട്ടി' എന്ന കഥാസമാഹാരത്തിന്.
- 1997-ലെ പത്മരാജൻ പുരസ്കാരം 'പച്ചപ്പയ്യിനെ പിടിക്കാൻ' എന്ന കഥയ്ക്ക്.
- 1998-ലെ നാലപ്പാടൻ പുരസ്കാരം 'സൂക്ഷിച്ചുവച്ച മയിൽപ്പീലി' എന്ന കഥാസമാഹാരത്തിന്.
- 2006-ലെ കഥാപീഠം പുരസ്കാരം 'അനിതയുടെ വീട്' എന്ന കഥാസമാഹാരത്തിന്.
- 2012-ലെ ഏറ്റവും മികച്ച കഥയ്ക്കുള്ള കേരള സ്റ്റേറ്റ് ചലച്ചിത്ര അക്കാദമി അവാർഡ് 'ശ്രീപാർവ്വതിയുടെ പാദം' എന്ന കഥയ്ക്ക്.

ആഡിയോ റിക്കാർഡിങ്, വെബ് ഡിസൈനിങ്, മൾട്ടിമീഡിയ പ്രൊഡക്ഷൻ, പുസ്തകപ്രസിദ്ധീകരണം എന്നിവയിൽ ഏർപ്പെട്ടിട്ടുണ്ട്. 1998 മുതൽ 2004 വരെ കേരള സാഹിത്യ അക്കാദമി അംഗമായിരുന്നു.

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, റിവർ വാലി ക്യാംപസ്, മലയിൻകീഴ്, തിരുവനന്തപുരം, ഇന്ത്യ 695571
URL: <books.sayahna.org>